**AKSHARASURYA**
Peer-Reviewed, Multi Lingual E-Journal
Volume – 02, Issue – 01, January 2023.

# ഫോട്ടോജേർണലിസം-തത്വവും പ്രയോഗവും

മിഥുൻ രാജ് കെ കെ
ഗവേഷകൻ
മലയാളവിഭാഗം
കേന്ദ്രസർവ്വകലാശാല
midhunrajkannoth@gmail.com

ഇന്ന് ആഗോളതലത്തിൽ തന്നെ നിരവധി വികാസഘട്ടങ്ങളിലൂടെ നിരന്തരപരിണാമങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന വിജ്ഞാനശാഖയാണ് കമ്മ്യൂണിക്കേഷൻ. "മനുഷ്യശരീരത്തിൽ സിരാപടലത്തിനുള്ള പ്രാധാന്യമാണ് ആധുനിക സമൂഹത്തിൽ കമ്മ്യൂണിക്കേഷനുള്ളത്" എന്ന് എൻ വി കൃഷ്ണവാര്യർ അഭിപ്രായപ്പെട്ടിട്ടുണ്ട് (കമ്മ്യൂണിക്കേഷൻ, അവതാരിക ഡിസി ബുക്സ്, 1985 ) ശബ്ദം കൊണ്ടും അംഗവിക്ഷേപം കൊണ്ടുമായിരുന്നു ആദിമമനുഷ്യൻ ആശയവിനിമയം നടത്തിയിരുന്നത്. സന്ദേശം അകലങ്ങളിൽ എത്തിക്കാൻ കാലതാമസം ഉണ്ടായിരുന്നു. അതിനെയെല്ലാം മാറ്റിമറിച്ച് പരിമിതികളെയും പരിധികളെയും മറികടന്ന് ആശയവിനിമയം/കമ്മ്യൂണിക്കേഷൻ ഒരു വലിയ വിജ്ഞാനമണ്ഡലമായി വികസിക്കാൻ ആരം ഭിച്ചത് ഏതാണ്ട് ഒരു വർഷം മുമ്പാണ് എന്നിരിക്കെ, കമ്മ്യൂണിക്കേഷൻ പ്രക്രിയ, തത്വങ്ങൾ വിവിധ മാധ്യമങ്ങളുടെ ചരിത്രം ,വളർച്ച, ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ വന്ന ഇലക്ട്രോണിക് സ്വാധീനം, മാധ്യമങ്ങളുടെ ആഗോളസാന്ദ്രീകരണം, സംയോജനം, ഉടമസ്ഥതയിൽ വന്ന മാറ്റങ്ങൾ, സാമൂഹികശാസ്ത്രവിധിപ്രകാരം നടന്നിട്ടുള്ള പഠനങ്ങൾ, ചർച്ചകൾ, ഇവയെല്ലാം ആശയവിനിമയമേഖലയുടെ ബൃഹത്തായ വ്യവഹാരമേഖലയെ പ്രതിനിധാനം ചെയ്യുന്നത് കൂടിയാണ്.

ആശയവിനിമയത്തിൻ വിവിധ മാധ്യമങ്ങൾ ഉണ്ട്. ഭാഷ എന്നത് മനുഷ്യന്റെ വിചാരധാര മറ്റുള്ളവരിൽ എത്തിക്കാനുള്ള ശബ്ദങ്ങളുടെ സമാഹാരമാണ്. അതിൻ ഒരു ലിഖിതരൂപവും, വാമൊഴി രൂപവുമുണ്ട്. സ്ഥാപിതമായ സൂചക-സൂചിത അർത്ഥങ്ങൾ ഉൾപ്പെടുന്ന ആശയത്തെ വിനിമയം ചെയ്യുന്ന ഭാഷയെ സംബന്ധിച്ചിടത്തോളം, അതിനു രൂപീകരിക്കപ്പെട്ട വ്യാകരണഘടനയും ആഖ്യാനപരിസരവും ഒക്കെയുണ്ട്. ഭാഷ കഴിഞ്ഞാൽ മനുഷ്യന്റെ ആശയവിനിമയത്തിന്റെ മറ്റൊരു ഭാഗമാണ് ചിത്രങ്ങൾ. ആദിമ ലിപിക്കും മുൻപ് ആശയവിനിമയത്തിൻ മനുഷ്യർ ഗുഹകളിലും മറ്റുമായി വരച്ച ചിത്രങ്ങൾ പരിശോധിച്ചാൽ മനുഷ്യന്റെ ആശയങ്ങളെ പ്രകാശിപ്പിക്കാൻ ചിത്രത്തിനുണ്ടായ സ്വാധീനം അതുല്യമാണ് എന്ന് മനസ്സിലാക്കാൻ സാധിക്കും.

ഭാഷ അതിന്റെ ആദ്യരൂപത്തിൽ നിന്ന് വികസിച്ച് അമൂർത്തതയിൽനിന്ന് മൂർത്തതയിലേക്ക് പരിണാമങ്ങളിലൂടെ ഇപ്പോഴും മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ട് സഞ്ചരിച്ചു കൊണ്ടിരിക്കുകയാണ്. അതേപോലെ ചിത്രവും ഗുഹാഭിത്തികളിലും പാറപ്പുറങ്ങളിലും തുടങ്ങി വിവിധ ഇടങ്ങളിൽ നിന്നും മാറി ഇന്നത്തെ ആധുനിക സാങ്കേതിക വിദ്യയുടെ മണ്ഡലത്തിൽ എത്തപ്പെട്ടിരിക്കുകയാണ്. ആദിമമനുഷ്യർ, അവർ വരച്ച ചിത്രങ്ങളിലൂടെ ഒരു ആശയത്തെ പ്രകാശിപ്പിക്കുന്നതും ഒപ്പം യാഥാർത്ഥ്യലോകത്ത് നടന്ന ഒരു സംഭവത്തിന്റെ പകർപ്പുകൂടി ആണ് അവയെന്ന് ഗുഹാചിത്രങ്ങളുടെ അവശേഷിപ്പുകളിലൂടെ മനസ്സിലാക്കാൻ സാധിക്കും. ഈ പകർത്തലുകൾ യാഥാർത്ഥ്യലോകത്തെ

പ്രതിനിധാനം ചെയ്യുന്ന വസ്തുതാപരമായ ദൃശ്യങ്ങൾ ആണ് ഒരു ഫോട്ടോ എന്ന തലത്തിലേക്ക് ചിത്രത്തിനെ മാറ്റിയത്.

ചിത്രം/ഫോട്ടോ, ഇവയിൽ ആദ്യ പദത്തിന്റെ ആംഗലേയം ആണ് രണ്ടാമത്തേത് എന്നതല്ല വ്യത്യാസം മറിച്ച് അതിൽ മനുഷ്യന്റെ പുതുയുഗപ്പിറവികളുടെ ദൃഷ്ടാന്തം കാണുവാൻ സാധിക്കും. ആ യഥാർത്ഥപ്രതിനിധാനങ്ങളായി ചിത്രങ്ങൾ വരയ്ക്കുന്ന സാഹചര്യത്തിൽ നിന്നും മാറി ഇന്ന് ഫോട്ടോ എന്ന സാങ്കേതിക പരിപ്രേക്ഷ്യത്തിൽ നിന്നുകൊണ്ട് ഒരു മാധ്യമം ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു. അതിന്റെ സ്വതസിദ്ധമായ മാറ്റങ്ങൾക്ക് വിധേയമായി കൊണ്ട് വിവിധ രംഗങ്ങളിൽ അവിഭാജ്യഘടകമായി മാറിയിരിക്കുന്ന ഫോട്ടോ എന്ന് പറയാൻ സാധിക്കും. അതുകൊണ്ടുതന്നെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന വിവിധ വ്യവഹാരങ്ങളെ മറ്റുള്ളവർക്ക് മനസ്സിലാക്കി കൊടുക്കുക എന്നതിൽ ഫോട്ടോയ്ക്കുള്ള പങ്ക അത്രയും പ്രധാനപ്പെട്ടതാകുന്നു. ഇതിൽ ഫോട്ടോ എന്ന മാധ്യമരൂപം ഏറ്റവും കൂടുതൽ സ്വാധീനം ചെലുത്തുന്ന മേഖലയാണ് മാധ്യമപ്രവർത്തനം/ജേർണലിസം. സമൂഹത്തിന്റെ കെട്ടുറപ്പിന്റെ നാലാം തൂൺ എന്ന് വിശേഷിപ്പിക്കപ്പെടുന്ന മാധ്യമരംഗത്തെ, പ്രത്യേകിച്ച് പത്രമാധ്യമരംഗത്ത് ഏറ്റവും കൂടുതൽ സ്വാധീനം ചെലുത്തുന്ന ഘടകമാണ് ഫോട്ടോ. ദൃശ്യമാധ്യമരംഗം (വാർത്താചാനലുകൾ) ഫോട്ടോയിൽ നിന്നും രൂപംകൊണ്ട വീഡിയോ എന്ന രീതിയിലേക്ക് ചലനാത്മകമായി, സാങ്കേതികമായ കണ്ടുപിടിത്തങ്ങളിലൂടെ എത്തിച്ചേർന്നു. ലോകവ്യാപകമായി വളർന്നുപന്തലിച്ച ജേർണലിസം രംഗത്ത് ഫോട്ടോ ചെലുത്തിയ സ്വാധീനം വളരെ പ്രധാനപ്പെട്ടതാകുന്നു. വീഡിയോ എന്ന ചലനാത്മക രൂപത്തിന്റെ അടി സ്ഥാനം എന്നു പറയുന്നത് ഫോട്ടോകളാണ്.

അടുപ്പിച്ചടുപ്പിച്ച് വേഗത്തിൽ ചിത്രങ്ങൾ ചലിക്കപ്പെടുമ്പോഴാണ് വീഡിയോ ദൃശ്യമാകുന്നത്. ഈ പ്രബന്ധം ലക്ഷ്യം വയ്ക്കുന്നത് ലോകവ്യാപകമായ പരിണാമങ്ങൾക്ക് വിധേയമായി ലോകത്തെല്ലായിടത്തുമുള്ള ആശയങ്ങളെ യാഥാർത്ഥ്യബോധത്തോടെ മനസ്സി ലാക്കാൻ സഹായിക്കുന്ന ഫോട്ടോയെ കേന്ദ്രീകരിച്ചുള്ള പഠനമാണ്. ഒരു ഫോട്ടോ എങ്ങനെ/എന്തിനെ പ്രതിനിധാനം ചെയ്യപ്പെടുന്നു എന്നും അതിന്റെ ആന്തരിക, ബാഹ്യ ഘടകങ്ങളെ സൂക്ഷമായി പരിശോധിച്ചുകൊണ്ട് അത് ഫോട്ടോജേർണലിസത്തെ എങ്ങനെ സ്വാധീനിക്കുന്നു, എന്നതും ഫോട്ടോജേർണലിസത്തെ കേന്ദ്രീകരിച്ചുകൊണ്ടുള്ള പഠനവും ആണ് ഇവിടെ നടക്കുന്നത്. കാസർഗോഡെ എൻഡോസൾഫാൻ ദുരന്തത്തിന്റെ ആഘാതം എത്രത്തോളമുണ്ടായിരുന്നു എന്നത് അവയുടെ ചിത്രങ്ങൾ പത്രങ്ങളിൽ വന്ന സമയത്ത് വളരെ വ്യക്തമായി മനസ്സിലായിക്കാണും. ഇത് ഫോട്ടോജേർണലിസത്തിന്റെ മറ്റൊരു ദൃഷ്ടാന്തമാണ്. ചിത്രം, അവയ്ക്ക് ഉണ്ടായിവന്ന തത്വങ്ങൾ അവയുടെ പ്രയോഗപരിസരം, അതെങ്ങനെ സംവേദനക്ഷമം ആവുന്നു എന്നതിനെല്ലാം പഠനവിധേയമാക്കി അവയെ ഫോട്ടോജേർണലിസത്തെ എങ്ങനെ സ്വാധീനിക്കുന്നു എന്നും ഫോട്ടോജേർണലിസത്തിന്റെ മൗലികസവിശേഷതകൾ എന്ത് എന്നുമുള്ള പരിശോധന വളരെ കാലികപ്രസക്തമാണ്.

ഫോട്ടോജേർണലിസം എന്ന മേഖലയെ അതിന്റെ അടിസ്ഥാനവും പ്രയോഗ പരിസരങ്ങളും എല്ലാം ഒക്കെത്തന്നെയും ഫോട്ടോകൾ അടിസ്ഥാനമാക്കി മനസ്സിലാ ക്കേണ്ടതുണ്ട്. ഒരു ഫോട്ടോ പ്രതിനിധാനം ചെയ്യുന്ന പരിസരം, അതിന്റെ പൂർവ്വരൂപം, ആഖ്യാനരീതി, ബിംബസ്വഭാവം തുടങ്ങിയ സൂക്ഷ്മാംശങ്ങൾ എന്നിവ പഠനവുമായി ബന്ധപ്പെടുത്തേണ്ട ആഴമേറിയ വിഷയങ്ങളാണ്. ലോകവ്യാപകശ്രദ്ധനേടിയ ചിത്രങ്ങൾ ഇതിന്റെ മേഖലയിലുണ്ട്. ആശയവിനിമയം ഭൂമിയിലെ സകലജീവജാലങ്ങൾക്കും സുപ്രധാനമായ വിഷയമാണ്. മനുഷ്യനെ സംബന്ധിച്ചിടത്തോളം മറ്റുള്ള

**ജീവികളിൽനിന്ന് വ്യത്യസ്തമായി ഭാഷ എന്ന ആശയവിനിമയോപാധിയും ഉണ്ട്. ഇതേപോലെ ഭാഷയ്ക്കും മുമ്പ് മനുഷ്യൻ തുടങ്ങിവച്ച ആദിമ ഗുഹാചിത്രങ്ങൾ, അവയിലെ ചിത്രപരിപ്രേക്ഷ്യം വളരെ പ്രധാനമാണ്. ഭാഷ കഴിഞ്ഞാൽ ഏറ്റവും സുപ്രധാനമായ ആശയവിനിമയരൂപമാണ് ചിത്രങ്ങൾ. ഈ ചിത്രങ്ങൾ ഏറ്റവും കൂടുതൽ ഫോട്ടോജനിക് ആവുന്നുണ്ട് എന്ന പറഞ്ഞാൽ ഫോട്ടോജേർണലിസത്തിൽ ഒരു പ്രധാന ഭാഗം എന്ന് തന്നെ ചിത്രത്തെ പറയാൻ സാധിക്കും. ആധുനികസാങ്കേതികവിദ്യയുടെ വികാസം നിരന്തരപരിണാമമായി കൊണ്ടി രിക്കുന്ന കാലത്ത് സമൂഹത്തിന്റെ നാലാം തൂണുകളായി വാഴത്തപ്പെടുന്ന മാധ്യമപ്രവ ർത്തനരംഗത്ത് ഏറ്റവും കൂടുതൽ ഉൾപ്പെടുന്ന സുപ്രധാന ഘടകമാണ് ഫോട്ടോജേർണലിസം. ഫോട്ടോ ജേർണലിസത്തിൽ ഫോട്ടോ ഉണ്ടാക്കുന്ന സ്വാധീനവും അതിന്റെ രീതിശാസ്ത്രത്തെക്കുറിച്ചും പഠിക്കുന്ന നിരവധി പഠനങ്ങൾ ഫോട്ടോജേർണലിസത്തെ കേന്ദ്രീകരിച്ച് ഉണ്ടായിട്ടുണ്ട്. ഫോട്ടോജേർണലിസം എങ്ങനെയതിന്റെ ഫോട്ടോ എന്ന ഘടകത്തെ പ്രതിനിധാനം ചെയ്യുന്നു എന്നും അതിന്റെ അടിസ്ഥാനമെന്തെന്നും കൂടുതൽ ആഴത്തിൽ മനസ്സിലാക്കേണ്ടതുണ്ട്.**

### 1.1 ചിത്രം: അടിസ്ഥാനവും ആഖ്യാനവും

**ഭാഷ കഴിഞ്ഞാൽ സംവേദനക്ഷമമായ വിനിമയരൂപം ചിത്രമാണ്. ഒരുപക്ഷെ ചിത്ര ങ്ങളാണ് മനുഷ്യന്റെ ആദിമലിപിയും സംവേദനരീതിയുമെന്ന് സംസ്കാരചരിത്രം സാക്ഷ്യ പ്പെടുത്തുന്നു. അക്ഷരങ്ങളുടെ കരിമുഖത്തിൽ നിന്ന് മാറി പ്രകാശവും ഭംഗിയും ആകർഷകത്വവും നൽകുവാനും വായനക്ഷമത വർദ്ധിപ്പിക്കുവാനും ദൃശ്യസുഖം പകരുവാനും സഹായിക്കുന്ന ഘടകം എന്ന പ്രത്യേകത കൂടിയുണ്ട് ഇത്തരം ചിത്രങ്ങൾക്ക്. ചിത്രങ്ങളുടെ സംവേദനശേഷിയും വിനിമയക്ഷമതയും അക്ഷരങ്ങളെക്കാൾ വളരെക്കൂടുതലും ശക്തവുമാണ്. 'ആയിരം വാക്കുകൾക്ക് ഒരു പടം' എന്ന പഴമൊഴി ഈ പ്രസ്താവത്തെ സാധൂകരിക്കുന്നു. അക്ഷരങ്ങൾ തലച്ചോറിലൂടെ മനസ്സിൽ പതിയുമ്പോൾ ചിത്രങ്ങൾ നേരിട്ടുതന്നെ മനസ്സിൽ പതിയുകയാണ് ചെയ്യുന്നത്. വായിച്ചു മനസിലാക്കുക എന്നത് ആയാസകരവും കണ്ടു മനസ്സിലാക്കുക എന്നത് അനായാസകരവുമാണ്. കാരണം വായിക്കാൻ അക്ഷരങ്ങൾ പഠിച്ചിരിക്കുകയും വായിച്ചു മനസ്സിലാക്കാൻ വാക്കുകളുടെയും പ്രയോഗങ്ങളുടെയും അർത്ഥവും സാരസ്യങ്ങളും മറ്റും അറിഞ്ഞിരിക്കുകയും വേണം. വായിച്ചു ഗ്രഹിക്കുക എന്നത് ഒരു ബൌദ്ധിക ക്രിയയാണ്. മാത്രമല്ല വായന കണ്ണിനെയും തലച്ചോറിനെയും താരതമ്യേന കൂടുതൽ സങ്കീർണ്ണത യിലേക്ക് തുറന്നിടുന്നു.**

**അതേസമയം ചിത്രങ്ങൾ കണ്ണുകൾക്ക് കുളിർമയും മനസ്സിനു കൂടുതൽ ആനന്ദവും നൽകുന്നു. അത് നേരിട്ട് മനസ്സുമായി സംവദിക്കുന്നു. അക്ഷരം അറിയാത്തവർക്കും ചിത്രങ്ങളിലൂടെ കാര്യങ്ങൾ ഗ്രഹിക്കാൻ കഴിയുന്നു. നിരക്ഷരർക്കും ചിത്രങ്ങൾ വായിക്കാൻ കഴിയുന്നു എന്നതുകൊണ്ട് തന്നെ വാർത്തകൾ വായിക്കുന്നവരേക്കാൾ എത്രയോ കൂടുതലാണ് ചിത്രം വായനക്കാർ. എന്തിനു അക്ഷരങ്ങൾ പഠിപ്പിക്കുന്നത് തന്നെ ചിത്രങ്ങളുടെ സഹായത്തോടെയല്ലേ. 'അ' എന്ന അക്ഷരം പഠിപ്പിക്കാൻ "അമ്മ" എന്ന വാക്ക് ഉപയോ ഗിക്കുന്നു. ആ വാക്ക് കുട്ടിയുടെ ഉള്ളിൽ പതിക്കുവാൻ മുലയൂട്ടുന്ന അമ്മയുടെ ചിത്രവും കൊടുക്കുന്നു. ചിത്രത്തിലൂടെ അമ്മയെ കാണുന്ന കുഞ്ഞിന്റെ മനസ്സിൽ 'അ' എന്ന അക്ഷരവും പതിയുന്നു. അതുപോലെ ഈ സാക്ഷരയുഗത്തിൽ പ്രായമുള്ളവരെ അക്ഷരങ്ങൾ പഠിപ്പി ക്കുവാനും ബോധവൽക്കരിക്കുവാനും ചിത്രങ്ങൾ ധാരാളം പ്രയോജനപ്പെടുന്നുണ്ടല്ലോ. ഒരു ചിത്രം എങ്ങനെ സംവേദനം ചെയ്യപ്പെടുന്നു എന്നുള്ളത് പത്രമാധ്യമരംഗത്തെ അടിസ്ഥാനമാക്കി**

പരിശോധിച്ചാൽ ചില കാര്യങ്ങൾ മനസ്സിലാക്കാൻ സാധിക്കും. ഒന്നിലേറെ പ്രയോജനങ്ങളാണ് ഒരു ചിത്രത്തെക്കൊണ്ട് പത്രത്തിനുള്ളത്.

1- പ്രതലത്തിന് അലങ്കാരശോഭ നൽകുക, നല്ല ചിത്രങ്ങൾ പ്രതലത്തിൻ അലങ്കാരശോഭ നൽകുന്നു. നല്ല ചിത്രങ്ങൾ പ്രതലത്തിൽ അലങ്കാരം തന്നെയാണ്. അലങ്കാരങ്ങളിലേക്ക് ആകർഷിക്കപ്പെടാത്ത മനുഷ്യരുണ്ടോ എന്ന പോലെ ചിത്രങ്ങൾ വായനക്കാരെ പ്രതലത്തിലേക്കാകർഷിക്കുന്നു.

2- വാർത്തകൾക്ക് ദൃശ്യപരമായ വിശദീകരണവും ആധികാരികത്വവും നൽകുക.

3- വാർത്താവായന അനായാസകരമാക്കുക. വാർത്തകൾ തന്നെ കുത്തിനിറച്ച പേജ് അതിന്റെ ഇരുളിമ കൊണ്ട് വായനക്കാരനു പെട്ടെന്ന് മടുപ്പുളവാക്കും. ഇടയ്ക്കൊരു ചിത്രമുണ്ടെങ്കിൽ പലതു കൊണ്ടും വായന എളുപ്പമാകും. വായനയുടെ ജോലിഭാരം കുറയ്ക്കാനും കണ്ണിനും തലച്ചോറിനും അയവുനൽകുവാനും ചിത്രങ്ങൾ സഹായിക്കും.

4- പത്രസ്ഥലം നിറയ്ക്കുക. വാർത്തയുടെ ഒരു പ്രധാന ഭാഗമായി ചിത്രം മാറുന്നുവെന്ന് കാണാം

രണ്ടുതരം ചിത്രങ്ങളാണ് പത്രങ്ങൾ ഉപയോഗിക്കുന്നത്.

1- ക്യാമറ പകർത്തുന്ന ചിത്രങ്ങൾ അഥവാ ഫോട്ടോകൾ.

2-ചിത്രകാരന്മാർ വരച്ചു നല്കുന്ന ചിത്രങ്ങൾ, ഇവയെ കൈവരവരചിത്രങ്ങൾ അഥവാ ഹാൻഡ് ആർട് സ് എന്ന് പറയാം.

കാർട്ടൂണുകൾ, വിശദീകരണ ചിത്രങ്ങൾ, മോഡലുകൾ, മാപ്പുകൾ തുടങ്ങിയവ കൈവരചിത്രങ്ങളാണ്. ഇവയിൽ ഹാൻഡ് ആർടിനെക്കുറിച്ചുള്ള വേവലാതി പത്രപ്രവർത്തകനുണ്ടാവേണ്ടതില്ല. കാരണം അത് സാങ്കേതികബോധ്യം കൂടിയുള്ള കലാകാരന്റെ കരവിരുതാണ്. അടുത്തിരുത്തി ആവശ്യാനുസരണം വരപ്പിക്കുന്നതാണ്. തരപ്പെട്ടാൽ തിരുത്തി വരപ്പിക്കാവുന്നതാണ്. പരമാവധി വേണ്ടിവരുന്നത് ക്യാമറയിൽ അൽപ്പം ചെറുതാക്കുകയോ വലുതാക്കുകയോ ചെയ്യുക എന്നത് മാത്രമാണ്. കൂടുതൽ ശൂന്യസ്ഥലം(വൈറ്റ് സ്പേസ്) ലഭ്യമാകുന്നു എന്നതാണ്, ഹാൻഡ് ആർടിന്റെ പ്രത്യേകത. ഇത് പ്രതലത്തിന് കൂടുതൽ സമയം പ്രകാശം നൽകുന്നു. ശൂന്യസ്ഥലം കൂടുതലാണെന്നോ അസ്ഥാനത്താണെന്നോ തോന്നിയാൽ അവയെ ഹാഫ് ടോണിലേക്കു മാറ്റുകയും ചെയ്യാം. എന്നാൽ ഫോട്ടോ അത് മികച്ചത് തന്നെ തിരഞ്ഞെടുക്കണം. ശാക്തികരേഖ(ലൈൻ ഓഫ് ഫോഴ്സ് അഥവാ ലൈൻ ഓഫ് ആക്ഷൻ) മനസ്സിലാക്കണം. ഒരു ചിത്രം ഒരു പേജിന്റെ ഏത് ഭാഗത്ത് കൊടുക്കണം എന്ന് നിർണയിക്കാൻ ഈ കണ്ടെത്തൽ ആവശ്യമാണ്. എഡിറ്റ് ചെയ്യണം , ക്രോപ് ചെയ്യണം, വലുതാക്കണം (ബ്ലോ അപ്പ് ), ചെറുതാക്കാണം (റെഡ്യൂസിങ്ങ്), അളക്കണം (സ്കെയിലിംഗ്) അങ്ങനെ നിരവധി സാങ്കേതികക്രമീകരണങ്ങൾ ഒരു ചിത്രത്തിൽ ശ്രദ്ധിക്കേണ്ടതുണ്ട്. ഇത്തരത്തിലുള്ള സാങ്കേതികപരമായ അംശങ്ങൾ തന്നെ ചിത്രങ്ങളുടെ തിരഞ്ഞെടുപ്പിൽ അത്യധികം ശ്രദ്ധിക്കേണ്ട ഘടകങ്ങളാണ്.

1.2 ചിത്രം: കലയും സാങ്കേതികതയും

വാർത്തയ്ക്ക് വിശ്വസനീയതയും വിശദീകരണവും നൽകുക എന്നത് കൂടിയാണ് ചിത്രങ്ങൾ കൊണ്ട് ലക്ഷ്യമാക്കുന്നത് . എന്നതിനാൽ വാർത്തയുമായി ബന്ധപ്പെട്ട ചിത്രവും, ചിത്രവുമായി ബന്ധപ്പെട്ട വാർത്തയും അടുത്തടുത്ത് തന്നെ കൊടുക്കേണ്ടത് അത്രയും യുക്തിസഹമായ ഒരു ആവശ്യമാണ്. വാർത്തയും ചിത്രവും പരസ്പരപൂരകങ്ങൾ ആകയാൽ അവ അടുത്തടുത്ത്

പ്രത്യക്ഷപ്പെടുമ്പോൾ വാർത്തയുടെ വായനക്ഷമതയും ചിത്രത്തിന്റെ ആസ്വാദനക്ഷമതയും വർധിക്കുന്നു. ഇത് വായനക്കാരെ സംബന്ധിച്ചിടത്തോളം ഏറ്റവും സൌകര്യപ്രദമായ ഒരു ക്രമീകരണമാണ്.

എം പി പോൾ "ചിത്രകലയും കാവ്യകലയും" എന്ന നിരൂപണത്തിൽ ചിത്രകാവ്യ കലകളെ താരതമ്യം ചെയ്ത് ഓരോന്നിന്റെയും മൌലിക സവിശേഷതകളെ അനാവരണം ചെയ്യുന്നുണ്ട്. സുകുമാരകലകളുടെയെല്ലാം ലക്ഷ്യമൊന്നുതന്നെ എന്നും സത്യത്തെയും നന്മയെയും സൌന്ദര്യത്തെയും ഏകീകരിക്കുന്ന സാംസ്കാരികമൂല്യത്തെ കലാകാരന്റെ വ്യക്തി മുദ്രയോടുകൂടി ഉചിതരൂപങ്ങളിൽ ആവിഷ്കരിക്കുക എന്നതാണ് എന്നും എം.പി.പോൾ അഭിപ്രായപ്പെടുന്നു. ചിത്രകാവ്യകലകൾ താരതമ്യം ചെയ്തു കൊണ്ട് അദ്ദേഹം മുന്നോട്ടുവെയ്ക്കുന്ന ആശയങ്ങൾ ചിത്രത്തിന്റെ മൌലികസവിശേഷതകൾ ഇവിടുത്തെ വിഷയ-പ്രാധാന്യമനുസരിച്ച് ശേഖരി ക്കുന്നതിൻ കൂടുതൽ അനുയോജ്യമാവുന്നുണ്ട്.

1- സാർവ്വജനീനത

ചിത്രകല സാർവ്വജനീനമാണ്, അത് ലോകത്തെല്ലായിടത്തും സ്വീകാര്യമാണ്. ഒരു ചിത്രത്തെ മനസ്സിലാക്കാൻ അതുൾപ്പെടുന്ന മാധ്യമത്തിന്റെ ഭാഷ അറിഞ്ഞിരിക്കേണ്ടതിന്റെ ആവശ്യം വരുന്നില്ല. അതുകൊണ്ടുതന്നെ സാർവ്വത്രികമാണ് ചിത്രകല.

2- കാലപരിമിതി

ഒരു ചിത്രത്തിൽ ഒരു നിശ്ചിത സമയത്തെ മാത്രമേ ആവിഷ്കരിക്കുവാൻ സാധിക്കുകയുള്ളൂ, മറിച്ച് ഒന്നിലധികം ചിത്രങ്ങളിലൂടെ നിരവധി നിമിഷങ്ങളെ ചിത്രീകരിക്കാൻ കഴിയും. കാർട്ടൂണുകൾ, ചിത്രകഥകൾ തുടങ്ങിയവ ഇതിനുദാഹരണങ്ങളാണ്.

3-നിശ്ചലാവസ്ഥയുടെ പ്രതിനിധാനം

നിശ്ചലമായ ദൃശ്യത്തെ അവതരിപ്പിക്കുവാൻ കാവ്യത്തേക്കാൾ സുഖകരമായി കഴിയുക ചിത്രത്തിലാണ്. ഒരു നിശ്ചല ദൃശ്യം കണ്ടതിന് ശേഷം അത് മനസ്സിലാക്കുക എന്നത് ചിത്രത്തിലെ പ്രതിനിധാനം നിശ്ചലാവസ്ഥയായതുകൊണ്ട് തന്നെ എളുപ്പമാകുന്നു.

4-വർണ്ണരേഖാപ്രധാനം

ചിത്രത്തിൽ വർണ്ണങ്ങളും രേഖകളുമാണ് ഉൾപ്പെടുന്നത്. ഇവ ഒരു ചിത്രത്തിന്റെ ആശയസംവേദനത്തിൽ സുപ്രധാനമായ ഘടകങ്ങളാകുന്നു. കാവ്യത്തെ പരിശോധിക്കുമ്പോൾ അതിൽ ശബ്ദാർത്ഥപ്രധാനമാണ് മുഖ്യവിഷയം.

5- ചലനാത്മക സ്വഭാവം ഇല്ല

ഒരു ചിത്രം തടാകം പോലെയാണ്. അതുൾപ്പെടുന്ന ക്യാൻവാസ് അല്ലെങ്കിൽ നാല് ബോർഡറുകൾക്കുള്ളിൽ ആവിഷ്കരിക്കപ്പെടുന്ന കലയാണ്.

6. പ്രയോഗസാമർത്ഥ്യപ്രധാനം

ചിത്രം അതിന്റെ ആവിഷ്കാരത്തിൽ സ്വതസിദ്ധമായി സൂചിപ്പിക്കുന്ന വിഷയം അതിലെ ചിത്രകാരൻ/ഫോട്ടോഗ്രാഫറുടെ പ്രയോഗസാമർത്ഥ്യമാണ്, പ്രയോഗസാമർത്ഥ്യം എന്നത് അതിന്റെ ചിത്രം പകർത്തുന്ന രീതിയും ആശയവും ഒക്കെയുൾപ്പെടുന്ന ആഖ്യാനപരിസരം തന്നെയാണ്.

ഒരു ചിത്രം സംവേദനം ചെയ്യപ്പെടുന്നത് കൃത്യമായും അതിലെ നിരവധി ചിഹ്നങ്ങളുടെ പശ്ചാത്തലത്തിലാണ്. സൂചകസൂചിതാർത്ഥങ്ങളുടെ ആശയപ്രകാശനം ആണ് ചിത്രത്തിൽ കാണുവാൻ കഴിയുക, എന്ന് നിസ്സംശയം മനസ്സിലാക്കുവാൻ സാധിക്കും. ഇവിടെ ചിത്രം ആവിഷ്കരിക്കപ്പെടുമ്പോൾ /പകർത്തപ്പെടുമ്പോൾ അതെങ്ങനെ ആസ്വാദകൻ മനസ്സിലാക്കി എന്നതിന്റെ ഉത്തമദൃഷ്ടാന്തമാവുന്നുണ്ട് എം പി പോളിന്റെ വാദഗതികൾ എന്ന് കാണാം. ചിത്രം,

അതിൽ പറയപ്പെടുന്ന ആശയങ്ങളെ കൃത്യമായ ചിഹ്നങ്ങൾ സഹിതമാവിഷ്കരിക്കുന്ന എന്ന് വിലയിരുത്തുവാൻ സാധിക്കുന്ന.

1.3 ഫോട്ടോജേർണലിസം: നിർവ്വചനവും ചരിത്രവും

സമീപകാലസംഭവങ്ങളെക്കുറിച്ചുള്ള റിപ്പോർട്ടുകളുടെ ഉത്പാദനവും വിതരണവും പത്ര പ്രവർത്തനത്തെ സൂചിപ്പിക്കുന്നു. അച്ചടി, ടെലിവിഷൻ, റേഡിയോ, ഇന്റർനെറ്റ് എന്നിവ വാർത്താവിനിമയമാധ്യമങ്ങളിൽ ഉൾപ്പെടുന്നു. മാദ്ധ്യമങ്ങൾക്കായി വാർത്തകൾ ശേഖരി ക്കുകയും അതിൽ തിരുത്തലുകൾ വരുത്തി പ്രസിദ്ധീകരണയോഗ്യമാക്കുകയും ചെയ്യുന്ന പ്രവൃ ത്തിയാണ് പത്രപ്രവർത്തനം. ഈ ജോലി ചെയ്യുന്നവരെ പത്രപ്രവർത്തകർ എന്നു പറയുന്നു. പത്രപ്രവർത്തനരംഗത്തെ ഏറ്റവും സുപ്രധാനമായ മേഖലയാണ് ഫോട്ടോജേർണലിസം. “പ്രകാശരശ്മികൾ കൊണ്ട് എഴുതുക” എന്ന അർത്ഥമുള്ള ഫോട്ടോഗ്രാഫി ആവിർഭവിച്ചിട്ട് കു റച്ചുകാലമേ ആയിട്ടുള്ളു. ‘ഫോട്ടോഗ്രാഫി’ എന്ന സാങ്കേതികകലയെ അടിസ്ഥാനമാക്കിയുള്ള ഫോട്ടോജേർണലിസമെന്ന സംജ്ഞയെ വിവിധ രീതികളിൽ നിർവ്വചനങ്ങൾക്ക് വിധേ യമാക്കാറുണ്ട്.

ഫോട്ടോഗ്രഫി കണ്ടുപിടിക്കപ്പെട്ടത് 1853ൽ ആണ്. ഇത് കൃത്യമായ കാലനിർണ യമായി കണക്കാക്കേണ്ടതില്ല. അതിനോടടുപ്പിച്ചായിരിക്കും സംഭവം നടന്നത് എന്ന് അനുമാനിക്കാം. അതുകൊണ്ട് ഏതാണ്ട് അക്കാലത്തെങ്ങോ ഫോട്ടോഗ്രാഫി കണ്ടുപിടി ക്കപ്പെട്ടു എന്നത് സത്യം. ഒന്നിലധികം പേർ കൂട്ടായി നടത്തിയതാണ് കണ്ടുപിടുത്തം. പലർ, പല ഇടങ്ങളിൽ നിന്നായി ഏതാണ്ട് ഒരേ കാലത്ത് അവരവരുടേതായ രീതിയിൽ സ്വന്തമായി ഛായാഗ്രഹണവിദ്യ- കണ്ടുപിടിക്കുകയായിരുന്നു. ആരായിരുന്നാലും അവർ ലോകത്തിന് നൽകിയ സംഭാവന അനുസ്മരിക്കാതെ വയ്യ. ഭാവിയിലേക്ക് വഴിതുറക്കുന്ന അടിസ്ഥാ നപരമായ കണ്ടുപിടുത്തം എന്നേ അതിനെ വിശേഷിപ്പിക്കാനാവൂ. അലോയിസ് സെനഫെൽഡർ 1799ൽ കണ്ടുപിടിച്ച ലിതോഗ്രാഫിയും ഫോട്ടോഗ്രാഫിയും പെട്ടെന്ന് ബാന്ധവി പ്പിച്ചുകൊണ്ട് ‘ഫോട്ടോലിതോഗ്രഫി’യെ ജനിപ്പിച്ചു. ഛായകൾ ചുണ്ണാമ്പുകല്ലിൽ പതിപ്പി ച്ചെടുക്കുന്ന രീതിയാണല്ലോ ഫോട്ടോലിതോഗ്രഫി. അതുപോലെത്തന്നെ ലെറ്റർപ്രസ് അച്ചടിക്കും ഫോട്ടോഗ്രാഫി പ്രയോജനപ്പെട്ടു. ആദ്യ വാർത്താചിത്രം എടുക്കപ്പെട്ടത് 1842ൽ ആണെന്ന് ചരിത്രം പറയുന്നു. ജർമ്മനിയിലെ ഹാംബർഗിൽ മൂന്ന് ദിവസം നിന്നു കത്തിയ ഒരു തീപിടുത്തത്തിന്റെ അവശിഷ്ടങ്ങളുടെ ചിത്രമായിരുന്നു അത്.

ഫോട്ടോയിൽ നിന്ന് ലെറ്റർ പ്രസ്സിലെ അച്ചടിക്കാവശ്യമായ ബ്ലോക്ക് നിർമ്മിക്കുന്ന വിദ്യ കണ്ടുപിടിക്കപ്പെട്ടത് 1850ൽ ആണെന്നാണ് രേഖകൾ.അതോടെ ഫോട്ടോയുടെ അച്ചടി ഒന്നുകൂടി എളുപ്പമായി . ഫോട്ടോജേർണലിസത്തിന് ഒരു ഉണർവും അതിന്റെ ഭാഗമായുണ്ടായി. 1905 ൽ ഐറാ റൂബൽ എന്ന അമേരിക്കക്കാരൻ ഓഫ്സെറ്റ് സമ്പ്രദായം കണ്ടുപിടിച്ചതോടെ അന്നുവരെയുള്ളതെല്ലാം തകിടം മറിഞ്ഞു. അത് അച്ചടിയിൽ ഗുട്ടൻബെഗിന്റെ (1940) ലെറ്റർ പ്രസ് കണ്ടുപിടിച്ചതിനുശേഷം മറ്റൊരു യുഗപ്പിറവിക്ക് നാന്ദി കുറിച്ചു. അച്ചില്ലാത്ത അച്ചടി, ഫോട്ടോപ്രിന്റിങ്ങിന്റെ പുതിയ വകഭേദങ്ങൾ, പുതിയ മാറ്റങ്ങളുൾക്കൊള്ളുന്ന ന്യൂസ് പേപ്പർ പ്രിന്റിങ്, ഇതെല്ലാം ആകെ തന്നെ വേണ്ട പ്രിന്റിങ്ങിൽ സമൂലമാറ്റം സമൂലമായ പരിവർത്തനം വരുത്തി.

ഫോട്ടോഗ്രഫിയിലൂടെ ഒരു യുദ്ധം ആദ്യമായി റിക്കാർഡ് ചെയ്തത് ക്രിമിയൻ യുദ്ധചിത്രങ്ങളെടുത്തത് പ്രസിദ്ധനായ റോജർഫെന്റ എന്ന ബ്രിട്ടീഷുകാരനാണ്. അതിനുശേഷം 1860ലാണ് മാത്യു ബ്രെഡിയും ഒപ്പം അലക്സാണ്ടർ ഗാർഡനറും അമേരിക്കൻ ആഭ്യന്തരയുദ്ധം വെറ്റ് പ്ലേറ്റ് പ്രക്രിയ ഉപയോഗിച്ചുകൊണ്ട് ക്യാമറയിൽ പകർത്തി ഭാവിചരിത്രകാരന്മാർക്ക് അമൂല്യമായുള്ള

സംഭാവന നടത്തിയത്. കോഡാക് കമ്പനിയുടെ തലവനായിരുന്ന ജോർജ് ഈസ്റ്റ്മാൻ ഫിലിം ഉപയോഗിച്ച് തുടങ്ങിയപ്പോൾ ഛായാഗ്രഹണം, ജേർണലിസത്തിന്റെ മണ്ഡലത്തിൽ സ്ഥിരപ്രതിഷ്ഠ തന്നെ നേടി. 1899 ൽ ആയിരുന്നു ഇത്. ഔപചാരികവിദ്യാഭ്യാസം ഒന്നും കൂടാതെ തന്നെ ഹോബി എന്ന് മുദ്രകുത്തപ്പെടുന്ന ഛായാഗ്രഹണം താരതമ്യേന ചെലവ് കുറഞ്ഞതും ജനപ്രിയമായ ഒരു ഹോബിയുമായി മാറ്റിയ ഈസ്റ്റ്മാൻ 1884 ൽ തന്നെ റോൾ ഫിലിമിൽ എത്തിച്ചേർന്നു . 1888 ൽ റോൾ ഫിലിം ഉപയോഗിക്കാൻ പറ്റിയ ഒരു കേഡക് ക്യാമറ പൂർണ്ണതയിൽ എത്തിച്ചു. 1892 ൽ അദ്ദേഹം വൻതോതിൽ ഫോട്ടോസാമഗ്രികൾ (ക്യാമറ ഫിലിം,സുതാര്യമായ ഫിലിം) തുടങ്ങി പലതും നിർമ്മിക്കാനായി ഒരു കമ്പനി, സംസ്ഥാനത്ത് റോച്ചസ്റ്റർ പട്ടണത്തിൽ തുടങ്ങി. ഇത് ഫോട്ടോഗ്രാഫിയുടെ മുഖച്ഛായ തന്നെ മാറ്റി. മാത്രമല്ല ഈ സന്നാഹമെല്ലാം ചരിത്രപ്രാധാന്യം അർഹിക്കുന്നതാണ് എന്നും കാണാം. കാരണം റോൾ ഫിലിമിൽ നിന്നും അതിന്റെ ക്യാമറയിൽ നിന്നുമാണ് അടുത്ത മൂന്നു നാല് ദശകങ്ങൾക്കുള്ളിൽ ഫിലിം (സിനിമ) എന്ന മാധ്യമം രൂപം കൊണ്ടത്.

ക്യാമറയുടെ വലിപ്പം കുറയ്ക്കാൻ സഹായിച്ചത് റോൾ ഫിലിം ആണ്. ക്യാമറയുമായി അനായാസമായി പത്രപ്രവർത്തകർക്കും ഛായാഗ്രാഹകർക്കും എവിടെയും കടന്നുചെല്ലാൻ കഴിഞ്ഞതും ഈസ്റ്റ്മാന്റെ പ്രവർത്തനഫലമായാണ്. 1912 ൽ സ്പീഡ് ഗ്രാഫിക് പ്രസ് ക്യാമറയുണ്ടായി. അടുത്തദശകങ്ങളിൽ ഈ ക്യാമറയാണ് ഫോട്ടോഗ്രാഫർമാർ അധികവും ഉപയോഗിച്ചത് എന്ന് കാണാൻ സാധിക്കും. അതിലും ചെറിയ ക്യാമറ ഉപയോഗത്തിൽ വന്നത് 1920ന ശേഷമാണ്. ജർമ്മൻകാരനായ ഏർണനസ്റ്റ് ലൈറ്റ്സ് ഒരു 35 മില്ലിമീറ്റർ ക്യാമറ കണ്ടുപിടിച്ചു. മറ്റൊരു ജർമ്മൻ ക്യാമറ അധികം താമസിയാതെ പുറത്തു വന്നു, റോളി ഫ്ളെക്സ്. ഈ രണ്ട് ജർമ്മൻ ക്യാമറകൾക്ക് ഇന്നും പ്രചാരമുണ്ട്. ഇന്ന് ജപ്പാനീസ് ക്യാമറകൾക്കാണ് പ്രിയം. കോണിക്ക, യാഷിക്, കാനൺ മുതലായവ. മിനോൾട്ടയാണ് മറ്റൊരു പ്രശസ്തബ്രാൻഡ്. ആധുനിക ക്യാമറ ഉപയോഗിച്ച് 1906ൽ സാൻഫ്രാൻസിസ്കോ നഗരത്തിൽ നടന്ന ഭൂമികുലുക്കങ്ങൾ പത്രങ്ങളിലൂടെ ജനങ്ങളെ അറിയിച്ചു. മറ്റൊരു നാഴികക്കല്ല് 1907 ൽ കമ്പി വഴി ചിത്രം അയച്ചതാണ്. ഇത് വയർഫോട്ടോകളിലേക്ക് വഴിതെളിച്ചു. ഇത് ഫോട്ടോജേർണലിസത്തിന് കൂടുതൽ മാറ്റ് കൂട്ടി. സചിത്രലേഖനങ്ങളും റിപ്പോർട്ടുകളും പ്രസിദ്ധീകരിക്കാൻ ഇത് സഹായിച്ചു. പരിചയസമ്പന്നരായ റിപ്പോർട്ടർമാർക്കും ലേഖകർക്കും ബൈലൈൻ ക്രെഡിറ്റ്സ് കിട്ടുന്നതുപോലെ ഫോട്ടോഗ്രാഫർമാർക്കും ഫോട്ടോയ്ക്ക് ഇടയിൽ 'ഫോട്ടോക്രെഡിറ്റ്സ്' കൊടുക്കുന്ന സമ്പ്രദായം ഇന്ത്യയിൽ അടുത്ത കാലത്തുതന്നെ തുടങ്ങിയിട്ടുണ്ട്. വിദേശരാജ്യങ്ങളിൽ ആ പതിവ് പണ്ടേ തന്നെ തുടങ്ങിയതാണ്.

ഈ ചർച്ചയ്ക്കിടയിൽ എറിക് ശലോമോൻ എന്നൊരു ജർമ്മൻ വക്കീലിനെ മറക്കാനാവില്ല. അദ്ദേഹമാണ് 'ഫോട്ടോജേർണലിസ്റ്റ്' എന്ന് ആദ്യമായി സ്വയം വിശേഷിപ്പിച്ചത്. ഗതിവേഗം കൂടിയ ലെൻസ് ക്യാമറയിൽ ഘടിപ്പിച്ച അദ്ദേഹം ചെറിയ ക്യാമറ ഉപയോഗിച്ച് യൂറോപ്പിലെ പ്രഭുക്കന്മാരുടെ ഔപചാരികചിത്രങ്ങൾ മാത്രമല്ല അപ്രതീ ക്ഷിതമായ സാഹചര്യങ്ങളിൽ വച്ച് അനൌപചാരികവും രഹസ്യസ്വഭാവം ഉള്ളതുമായ ചിത്രങ്ങ ളെടുക്കുന്നതിൽ വിരുതനമായിരുന്നു അദ്ദേഹം. ഈ പതിവ് തുടങ്ങിയത് 1928-ലാണ്. ഏതാണ്ട് ഒരു വർഷം കഴിഞ്ഞ് കൃത്യമായി പറഞ്ഞാൽ 1997 ആഗസ്റ്റ് 30 ന രാത്രി ഫ്രഞ്ച് ജേർണലിസ്റ്റുകൾ ബ്രിട്ടനിലെ ഡയാന രാജകുമാരിയെയും അവരുടെ കാമുകനെയും പിന്തു ടർന്നു. ആ ഫോട്ടോ അസൈൻമെൻറ് വേണ്ടത്ര സ്വീകാര്യമായില്ല.ഇത്തരം അന്വേഷണശ്രമങ്ങൾ ജേർണലിസം രംഗത്ത് നൂതനരീതികൾക്കു ഊർജ്ജമേകി.

യൂറോപ്പിലെ രണ്ടു പ്രശസ്ത ഫോട്ടോജേർണലിസ്റ്റുകൾ ആയിരുന്ന സ്റ്റോഫാൻലോറൻ, ആൽഫ്രഡ് ഐൻസ്റ്റൈൻ എന്നിവർ. രണ്ടുപേരും ഫോട്ടോജേർണലിസത്തിന്റെ വളർച്ചയ്ക്ക് നിദാനം

ആയിട്ടുണ്ട്. അവർ യൂറോപ്പിലെ സചിത്രമാഗസിനുകൾക്കും പത്രങ്ങൾക്കും മാത്രമല്ല അമേരിക്കയിലെ ന്യൂസ് ഏജൻസിയായ അസോസിയേറ്റഡ് പ്രസ് ലൈഫ് മാഗസിനും വേണ്ടി പ്രവർത്തിച്ചു. ഫോട്ടോജേർണലിസത്തിന്റെ വളർച്ചയിൽ സുപ്രധാന പങ്കു വഹിച്ച രണ്ടു പ്രസിദ്ധീകരണങ്ങളാണ് ലൈഫും ലുക്കും. രണ്ടും മഹായുദ്ധത്തിന്റെ അവിസ്മരണീയമായ ചിത്രങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. കളർഫോട്ടോഗ്രഫി വൻതോതിൽ വികസിച്ചത് ഈസ്റ്റമാൻ കോഡാകിന്റെ കോഡാക്രോം കളർഫിലിം 1935ൽ ലഭ്യമായതോടെയാണ്. സാധാരണക്കാർക്ക് താങ്ങാവുന്ന വിലയ്ക്ക് കളർഫിലിം നിർമ്മിച്ചതിൽ കോഡാക്കിന്റെ സംഭാവന വലുതാണ്. ഇതേ വർഷം തന്നെയാണ് അമേരിക്കൻ കളർ സിനിമയുടെ വിജയം.

1.4 ഫോട്ടോ: രീതിശാസ്ത്രവും പ്രയോഗവും

ഫിലിം ആവശ്യമില്ലാത്ത ഫോട്ടോഗ്രാഫിയുടെ ആവിർഭാവം ഫോട്ടോ ജേർണലിസത്തിൽ വിപ്ലവകരമായ മാറ്റം വരുത്തി. ഡിജിറ്റൽ ക്യാമറ ഉപയോഗിച്ച് ഒരേസമയം എത്ര ഫോട്ടോ വേണമെങ്കിലും എടുക്കാം, എന്നായപ്പോൾ ഫിലിം വാഷ് ചെയ്യാനും നെഗറ്റീവ് എടുക്കാനും അതിൽ നിന്ന് പ്രിന്റ് എടുക്കാനും ആവശ്യമായ സമയവും ചെലവും ലാഭമായി. ലാപ്ടോപ്പും, ഫോട്ടോ ലക്ഷ്യസ്ഥാനത്തെത്താനുള്ള ബദ്ധപ്പാടും, സമയനഷ്ടവുമൊക്കെ ഒഴിവായി. ഡിജിറ്റൽ ക്യാമറയിൽ നിന്ന് കമ്പ്യൂട്ടറിലൂടെ, ഫോട്ടോ പത്രമോഫീസിൽ എത്തിക്കാമെന്നായി. പ്രൊഡക്ഷൻ സെന്ററിലെ കമ്പ്യൂട്ടറിൽ കിട്ടുന്ന ഫോട്ടോകൾ അതിൽ വച്ച് തന്നെ എഡിറ്റ് ചെയ്തു, പേജിൽ ചേർക്കാൻ കഴിയുമ്പോൾ കൂടുതൽ എളുപ്പമാകുന്നു. ഡിജിറ്റൽ ക്യാമറ ഉപയോഗിച്ച് എടുക്കുന്ന ചിത്രങ്ങൾ അതേ സ്പോട്ടിൽ നിന്നു തന്നെ കമ്പ്യൂട്ടർ സെന്ററിൽ എത്തിക്കാം, അവിടെനിന്ന് ലക്ഷ്യസ്ഥാനത്തേക്ക് അയയ്ക്കാം, തുടങ്ങിയ നൂതനസംവിധാനങ്ങൾ ഉണ്ടായി. ഫുട്ബോൾ മത്സരം ഓർക്കുക. പശ്ചിമജർമ്മനിയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് മത്സരങ്ങളുടെ ചിത്രങ്ങൾ ലോകത്തിന്റെ എല്ലാ കോണുകളിലേക്കും ഒഴുകുകയായിരുന്നു തത്സമയം. ആക്ഷൻ പടങ്ങളുടെ പ്രളയം. കേരളത്തിലെ പത്രമോഫീസുകളിൽ എത്തി, തുടക്കം മുതൽ ഒടുക്കം വരെ ആക്ഷൻ പടങ്ങൾ വലിയ കോളിളക്കം സൃഷ്ടിച്ചു. ഒടുവിൽ ഇറ്റലി വേൾഡ് കപ്പുമായി ആർത്തിരമ്പി നിൽക്കുന്ന ചിത്രം, പിറ്റേന്ന മലയാളം പത്രങ്ങളിലും നിരന്നു. ഓഫ്സെറ്റ് പ്രസുകളിൽ നിന്ന് വർണ്ണങ്ങളായ കളർ ചിത്രങ്ങൾ, ഡിജിറ്റൽ ക്യാമറകളുടെയും ലാപ്ടോപ് കമ്പ്യൂട്ടറുകളുടെയും മായാജാലം. പ്രൊഡക്ഷൻ സെന്ററിലെ കമ്പ്യൂട്ടറിൽ കിട്ടുന്ന ചിത്രങ്ങളിൽ ആവശ്യമുള്ളവ അവിടെവെച്ച് തന്നെ സെലക്ട് ചെയ്ത്, എഡിറ്റ് ചെയ്തു മനസ്സിൽ പ്ലാൻ ചെയ്യുന്ന ലേയൗട്ടനുസരിച്ച് പേജിൽ പ്രതിഷ്ഠിച്ച് (കമ്പ്യൂട്ടർ പേജിനേഷൻ) പേജ് തയ്യാറാക്കുന്നു. ആ പ്ലേറ്റ് മേക്കിങ്ങിലേക്ക്, കംപ്യൂട്ടറിലൂടെ തന്നെ കൊടുക്കുന്ന പ്രക്രിയ എത്ര വിജയകരമായി മാറുന്നവോ മലയാളം പത്രങ്ങൾ അതിനെ തന്നെ പ്രാവർത്തികമാക്കി തീർത്തു. ആ ദിവസങ്ങളിൽ ശ്രദ്ധേയങ്ങളായ ചിത്രങ്ങളാണ് മലയാളത്തിൽ പുറത്തിറങ്ങിയത്.

ഈ സാങ്കേതിക മുന്നേറ്റത്തിന്റെ പ്രഭാവത്തിലും ഒരു കാര്യം ശ്രദ്ധിക്കുക. ഇവിടെയും ഫോട്ടോസെലക്ഷനിലും എഡിറ്റിങ്ങിലും ലേയൗട്ടിലും ഒക്കെത്തന്നെ പേജിനേ ഷനിലുമാകെയായി സ്വീകരിച്ചിരിക്കുന്ന അടിസ്ഥാനതത്വങ്ങൾ ഇവിടെ പ്രതിപാദി ച്ചിരിക്കുന്നത് തന്നെ. കടലാസിൽ അളക്കാതെയും എഡിറ്ററുടെ മനസ്സിൽ നടക്കുന്ന പ്രക്രിയയാണിത്. ഒരേ ദിവസം ഒരേ വാർത്തയും ചിത്രങ്ങളും കൈകാര്യം ചെയ്യുമ്പോഴും പത്രവാർത്തകൾക്കെല്ലാം ഭിന്നരൂപവും ഭാവവും കൈവരുന്നത് അതുകൊണ്ടാണ്. സോഫ്റ്റ് വെയർ എല്ലാം തന്നെ മൊത്തമൊന്നായാൽ പോലും മനുഷ്യരുടെ മനസ്സുകൾ ഒരേപോലെ ചലിക്കുക ഇല്ലല്ലോ. ഒരു പത്രത്തെ സംബന്ധിച്ച് ഒരു ചിത്രം എങ്ങനെ

ഉപയോഗപ്പെടുത്തുന്ന എന്ന് പരിശോധിക്കുമ്പോൾ ചിത്രത്തിലെ സംവേദനശക്തിയെപ്പറ്റി വ്യക്തമായി മനസ്സിലാ ക്കാൻ സാധിക്കും.

1- വലിയ ചിത്രങ്ങൾ കൊടുക്കുക അഥവാ ചിത്രങ്ങൾ വലുതാക്കി കൊടുക്കുക

2- കൊടുക്കുന്ന ചിത്രത്തിൽ അനാവശ്യമായി ഒരു ഭാഗവും ഇല്ലെന്ന് ഉറപ്പുവരുത്തുക

3- വിശദാംശങ്ങൾ തീരെ വ്യക്തമല്ലാത്ത ചിത്രങ്ങൾ വർജിക്കുക

4- പത്രധർമ്മത്തിനും വായനക്കാരുടെ അഭിരുചിക്കും നിരക്കാത്ത ചിത്രങ്ങൾ മാറ്റിവയ്ക്കുക

5- ചിത്രത്തിന്റെ കർമ്മരേഖ പാലിക്കുക

6- അടിക്കുറിപ്പുകൾ ശ്രദ്ധിക്കുകയും ഭംഗിയാക്കുകയും ചെയ്യുക

7- പത്രത്തിന്റെ മടങ്ങുന്ന ഭാഗങ്ങളിൽ ചിത്രം മടങ്ങിപ്പോകാതെ നോക്കുക

8- ചിത്രത്തോട് ബന്ധപ്പെട്ട വാർത്തയും വാർത്തയോട് ബന്ധപ്പെട്ട ചിത്രവും അടുത്തുതന്നെ കൊടുക്കുക.

ചിത്രവിന്യാസത്തിൽ മേൽപ്പറഞ്ഞ കാര്യങ്ങൾ മർമ്മ പ്രധാനങ്ങളാണ്. എല്ലാ ചിത്രങ്ങൾക്കും ഒരു ശാക്തികരേഖ ഉണ്ടാവും ചിലതിൽ ഇടത്തോട്ട് ആവാം, ചിലതിൽ വലത്തോട്ടാവാം. ചിലതിൽ നേരെ ആവാം. ഈ ലൈൻ ഓഫ് ആക്ഷന് അനുസൃതമായിട്ട് വേണം ചിത്രം വിന്യസിക്കാന്. വായനക്കാരുടെ ശ്രദ്ധയാകർഷിക്കുക എന്നതാണ് ശാക്തികരേഖ എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. വായനക്കാരുടെ നോട്ടത്തിന്റെ ദിശയെയാണ് അത് സൂചിപ്പിക്കുന്നത്.

ചിത്രത്തെപ്പോലെയോ അതിലധികമോ പ്രധാനമാണ് അടിക്കുറിപ്പ് അഥവാ ക്യാപ്ഷൻ. അടിക്കുറിപ്പിൽ, സ്ഖലിതങ്ങൾ ഉണ്ടാവാൻ പാടില്ല. വാർത്തയിൽ ഉണ്ടാവുന്ന സ്ഖലിതങ്ങൾ പെട്ടെന്ന് കണ്ടുപിടിക്കപ്പെടും. ഒരു വാർത്താരചനയ്ക്ക് ഏറ്റവും ബാധകമായ എല്ലാ നിയമങ്ങളും ഇവിടെയും ബാധകമാണ്. ആര്, എന്ത്, എപ്പോൾ, എവിടെ, എങ്ങനെ, തുടങ്ങിയ വാർത്താമൂലകങ്ങളും ഓരോ അടിക്കുറിപ്പിനും പ്രസക്തമാണ്. ആരു ചെയ്യുന്നു, എന്ത് ചെയ്യുന്നു, എങ്ങനെ ചെയ്യുന്നു, എവിടെ ചെയ്യുന്നു, എപ്പോൾ ചെയ്യുന്നു, എന്തിനുവേണ്ടി ചെയ്യുന്നു, എന്നൊക്കെ ഒരു ചിത്രം കാണുമ്പോൾ വായനക്കാരുടെ മനസ്സിൽ ചോദ്യമുദിക്കുമെങ്കിൽ അതിനൊക്കെ ഉത്തരം പറയാൻ ബാധ്യസ്ഥത ചിത്രം നൽകുന്നവർക്കുണ്ട് . എത്രയും ചെറിയ വാചകങ്ങൾ കൊണ്ടും, എത്രയും കുറച്ച് വാചകങ്ങൾ കൊണ്ടും ഫോട്ടോ വായനക്കാരനു വിവരിച്ചുകൊടുക്കുകയാണ് അടിക്കുറിപ്പ് എഴുതുന്ന ആളിന്റെ ചുമതല. ഇതിൽ ഒരു 'വശീകരണ വാക്ക്' അല്ലെങ്കിൽ 'ശ്രദ്ധാവാക്ക്' പ്രസക്തമാണ്. ചിത്രങ്ങൾ പ്രധാനമായും മൂന്നു വിധമുണ്ട്.

1-പൊടുന്നനെ ഉണ്ടാവുന്ന സംഭവങ്ങളുടെ ചിത്രങ്ങൾ

2-ആസൂത്രിത ചിത്രങ്ങൾ

3 -ഛായാചിത്രങ്ങൾ

ഈ മൂന്ന് ഗണത്തിൽപ്പെട്ട ചിത്രങ്ങളും എല്ലാദിവസവും പത്രങ്ങളിൽ വരുന്നതായി കാണാൻ സാധിക്കും. ഇവയിൽ ആദ്യത്തേത് പെട്ടെന്നുണ്ടാകുന്ന സംഭവവികാസങ്ങളുടെ ചിത്രങ്ങളാണ്. ഇവയ്ക്ക് അതീവസാമർത്ഥ്യം ആവശ്യമാണ്. മുൻകൂട്ടി ആസൂത്രണം ചെയ്ത ചിത്രങ്ങളാണ് രണ്ടാമത്തെ വിഭാഗത്തിൽ ഉൾപ്പെടുന്നത്. ആസൂത്രിത ചിത്രങ്ങളിൽ, ഫ്യൂച്ചർ സ്റ്റോറികൾക്കു വേണ്ടിയുള്ള ചിത്രങ്ങൾ

**തുടങ്ങിയവ ഉൾപ്പെടുന്നു. ഛായാചിത്രങ്ങൾ അഥവാ പോർട്രെയ്റ്റ് എന്നത് മിക്കവാറും ഫയൽ ഫോട്ടോസ് ആവും. എല്ലാ പ്രധാന ചിത്രങ്ങളും ശേഖരിച്ച് വയ്ക്കുകയും ആവശ്യാനുസരണം പുതുക്കി കൊണ്ടിരിക്കുകയും ചെയ്യുന്നവയാണ് ഇവ.**

ഗ്രന്ഥസൂചി

1- ജോയ് തിരുമുലപുരം, വാർത്ത , 1997, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം

2- ജെ വി വിളനിലം, ആ ലോകം മുതൽ ഇ-ലോകം വരെ, 2003, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം

3- എം പി പോൾ.ചിത്രകലയും കാവ്യകലയും,സാഹിത്യവിചാരം

4- സുനിത ടി വി, സൈബർ മലയാളം, 2009, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം

5- ഡോ: ബി.ഇക്ബാൽ ,കെ രവീന്ദ്രൻ,2003, ഇൻഫർമേഷൻ ടെക്നോളജി
എന്ത് എന്തിന്, കറന്റ് ബുക്സ്, തൃശ്ശൂർ

6- Bhanu Pratap Singh, Photojournalisam